ISSN-2455-0736 (Print)
ISSN-2456-4052 (Online)

# സ്ത്രൈണകാമനകൾ : എഴുത്തിലും ജീവിതത്തിലും
# DESIRES OF WOMEN IN LIFE AND WRITINGS

**ഡോ.നടാഷ സെബാസ്റ്റ്യൻ**

അസോസിയേറ്റ് പ്രൊഫസർ,

നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജ്, മാർത്താണ്ഡം.

## ABSTRACT

***KEY WORDS:***

*പുരുഷകേന്ദ്രിതം (Man Centric), സ്ത്രൈണകാമനകൾ (Feminine Desires), അധീശത്വം(Domination), ആൺകോയ്മ (Patriarchy),*

This is a study on the short story named 'Ormayude Njarambu' by K.R. Meera. In this story the author tries to convey the suffocation experienced by women in a male dominated family system. The common perception is that the first and foremost role of a women is that of a home maker. The family and marriage system confines her within the four walls of a house. The story is narrated as a conversation between an old lady and the wife of her grandson. The old lady tells about her dreams and desires. Her married life pushed her desires and dreams into hibernation. She wrote stories without the knowledge of her husband and her mother in law. In the beginning the young girl did not show any interest in the stories of the old lady but hesitantly listened to it. At one stage she realized that she is also in the same boat as that of the old lady. Through this story K.R. Meera tries to convey to the readers that eventhough the times have changed, the situation of women have not changed.

പുരുഷകേന്ദ്രിതമായ കുടുംബവ്യവസ്ഥയിൽ സ്വന്തം വ്യക്തിത്വത്തെയോ, സ്വത്വത്തെയോ തിരിച്ചറിയാൻ പോലുമാകാതെ വ്യക്തി എന്ന നിലയിൽനിന്നും വസ്തു എന്ന അവസ്ഥയിലേക്ക് തരം താഴ്ത്തപ്പെടുന്ന സ്ത്രീകളുടെ ജീവിതം, പുറംലോകമറിയാതെ പോകുന്ന അവരുടെ സർഗവാസനകൾ എന്നിവയെക്കുറി ച്ചുള്ള ആധിയിൽനിന്ന് രൂപപ്പെട്ടതാണ് കെ.ആർ.മീരയുടെ 'ഓർമയുടെ ഞരമ്പ്'എന്ന കഥ. പുരുഷാധിപത്യസമൂഹവും മതവും സംസ്കാരവുമൊക്കെച്ചേർന്ന സൃഷ്ടിച്ചെടുത്ത ഒരു കൃത്രിമസ്വത്വത്തിനുള്ളിൽ മറ്റൊരാളായി ജീവിക്കാൻ സ്ത്രീകൾ നിർബന്ധിതരാകുന്നു. സമൂഹം നെ യ്തെടുത്ത സ്ത്രൈണസങ്കല്പങ്ങൾ ക്കിണങ്ങുന്നവളായി ജീവിക്കുന്നവൾ മാതൃകാസ്ത്രീയാകുന്നു. അത്തമൊരു ആദർശാ ത്മകപരിവേഷമെടുത്തണിയാനാണ് ഒട്ടുമിക്ക സ്ത്രീകളും ശ്രമിക്കുന്നത്. തന്റെ സ്വത്വം തിരിച്ചറിയാൻപോലുമാകാത്ത വിധം അവർ പുരുഷനിർമിതമായ അപര സ്വത്വവുമായി ഇണങ്ങിച്ചേരുന്നു. തിരിച്ചറിയുന്ന സ്ത്രീകളിലാകട്ടെ അത് കടുത്ത മാനസികസംഘർഷങ്ങൾക്കു കാരണമാകുന്നു.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

സ്ത്രീകളുടെ പ്രഥമവും പ്രധാനവുമായ റോൾ വീട്ടമ്മയുടേതാണെന്ന് കരുതപ്പെടുന്നു. വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങൾ സ്ത്രീയെ വീടിനകത്തു തളച്ചിടുന്നു. ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിവയൊക്കെ തികച്ചും ശാരീരികമാണെങ്കിലും ആവശ്യത്തിൽ കൂടുതൽ അതിനെ മഹത്ത്വവല്ക്കരിക്കുകയും തൻമൂലം അത് സ്ത്രീയുടെയുള്ളിൽ വല്ലാത്തൊരു വൈകാരിക അടിമത്തത്തിന് കാരണമാവുകയും ചെയ്യുന്നു. ഇത് സ്ത്രീയുടെ ആശ്രിതമനോഭാവത്തെ വളർത്തു കയും പുരുഷന്റെ അധീശത്വനിലയെ ഉറപ്പിക്കുകയും ചെയ്യുന്നു. കുടുംബത്തിനക ത്തായാലും പുറത്തായാലും അധികാരസ്ഥലികളിൽനിന്നെല്ലാം സ്ത്രീകൾ ബോധപൂർവ്വം പുറന്തള്ളപ്പെട്ടു. അതേസമയം വീട്ടമ്മമാരെ വീടുകളിലെ മാലാഖമാർ എന്നും മറ്റും പ്രകീർത്തിച്ച് കുടുംബജീവിതം ഭദ്രമാക്കാൻ പുരുഷൻമാർ മനസ്സു വെച്ചിരുന്നു. പക്ഷേ ഫലത്തിൽ അവർ തടവുകാരികൾ മാത്രമായിരുന്നെന്ന് ഡോ.എം. ലീലാവതി ചൂിക്കാണിച്ചിട്ട് (ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, പു.20). നല്ല കുടുംബിനിയാകാനും നല്ല വീട്ടമ്മയാകാനുമുള്ള പരിശീലനമാണ് ചെറുപ്പം മുതല്ക്കു തന്നെ പെൺകുട്ടികൾക്കു ലഭിക്കുന്നത്. രുചിയുള്ള ആഹാരം പാചകം ചെയ്യുക, വീടും പരിസരവും വൃത്തിയാക്കുക, ഭർത്താവിനെയും കുഞ്ഞുങ്ങളെയും പരിചരിക്കുക, പ്രായമായവരെ ശുശ്രൂഷിക്കുക, ഭർത്താവിന്റെ ലൈംഗികാവശ്യങ്ങൾ നിറവേറ്റുക, മറ്റുള്ളവർ ഉണരുന്നതിനുമുമ്പേ എഴുന്നേല്ക്കുക, എല്ലാവരും ഉറങ്ങിക്കഴിഞ്ഞശേഷം ഉറങ്ങുക, പരാതിയോ പരിഭവമോ ഇല്ലാതെ ജോലി ചെയ്യുക എന്നിവയാണ് നല്ല വീട്ടമ്മ അനുഷ്ഠിക്കേ ദൈനംദിന ജോലികൾ.

'അടുക്കളയിലെ

തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ

ശ്വസിക്കുന്നതിനാൽ നടക്കുകയും

നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന

സങ്കീർണത ഒട്ടുമില്ലാത്ത വീട്ടുപകരണം'(സാവിത്രി രാജീവൻ, പ്രതിഷ്ഠ) എന്ന വരികളിൽ പ റയുന്നതുപോലെ യന്ത്രത്തെപ്പോലെ ജോലി ചെയ്യുകയും തന്നോടുതന്നെ സംസാരിക്കുകയും ചെയ്യുന്ന സ്ത്രീകൾ നമുക്കു ചുറ്റുമു്. ഇതൊക്കെ ചെയ്യുന്ന അവൾ ഫലത്തിൽ ജോലിയൊന്നുമില്ലാത്ത ഹൗസ്വൈഫാണ്. ഉദ്യോഗസ്ഥകളായ വീട്ടമ്മമാർ വീടിനകത്തും പുറത്തും ജോലി ചെയ്യേി വരുന്നു. രു ജോലിയും സമന്വയിപ്പിച്ചുകൊുപോകുന്നവൾ 'സൂപ്പർ വുമൺ' ആകുന്നു. ഇതെല്ലാം സ്ത്രീ യുടെ കടമയും സ്നേഹവും സ്നേഹപ്രകടനവുമായി കണക്കാക്കപ്പെടുന്നു. 'സാമൂഹിക വൽക്കരണ പ്രക്രിയ അവളിലെ സ്ത്രൈണത, പെണ്ണത്തം, സ്ത്രീത്വം എന്നിവയ്ക്ക് അതിഭാവുകത്വം കല്പ ിയ്ക്കുന്നു. സുന്ദരിയും സുശീലയും കുലീനയും അടക്കവും ഒതുക്കവും ഉള്ള പരിശ്രമശാലികളായ വീടു മുഴുവൻ ഒറ്റയ്ക്കു നടത്താൻ പറ്റുന്ന (വിശേഷണങ്ങൾ എത്രയുമാകാം) വാർപ്പുമാതൃകകളാണ് പെൺകുട്ടികളിന്ന്.' (ഡോ.ടി. കെ.ആനന്ദി, വീട്ടമ്മ ഒരു സ്ത്രീവിചാരം, പു.11,12)

ബാല്യകൗമാരങ്ങളിൽ സ്വന്തം വീട്ടിൽ ലഭിച്ചിരുന്ന അല്പസ്വാതന്ത്ര്യം പോലും വിവാഹത്തോടെ പെൺകുട്ടികൾക്കു നഷ്ടപ്പെടുന്നു. അവളിലെ സർഗവാസനകൾ വെള്ളവും വളവുമില്ലാതെ മുരടിച്ചു പോകുന്നു. കളിയും ചിരിയും പാട്ടും നൃത്തവു മൊക്കെയായി പാറിപ്പറന്നു നടന്നിരുന്ന പെൺകുട്ടികൾ പലരും വിവാഹശേഷം നിശ്ശബ്ദരാകുന്നു. ഭർത്താവിന്റെ നിഴലായി മാറുന്നു. ഗൃഹജോലിയുടെ മടുപ്പും ഏകാന്തതയും അവരെ വീർപ്പുമുട്ടിക്കുന്നു. സ്വന്തം കഴിവുകൾ വെളിപ്പെടുത്താനവ സരം ലഭിക്കാതെ ആത്മസംഘർഷം അനുഭവിച്ചു ജീവിച്ച 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധയുടെ കഥ ഒരു ദേശത്തെ സ്ത്രീവർഗ്ഗത്തിന്റെ ചരിത്രമാണ്.

 ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഓർമയ്ക്കും മറവിയ്ക്കുമിടയിൽ നടക്കുന്ന ഒളിച്ചുകളിയാണ് വൃദ്ധയുടെ ജീവിതം. 'ഓർമ്മകളാണവരെ ജീവിപ്പിക്കുന്നത്. ഓർമ്മകൾ ഇല്ലാതാകുന്നത് അവരെ സംബന്ധിച്ചിടത്തോളം മരണമാണ്. തുരുമ്പു പിടിച്ച വിജാഗിരികൾ ഇളകുന്നതു പോലെയായിരുന്നു അവരുടെ ശബ്ദം. ചുക്കിച്ചുളിഞ്ഞ കഴുത്തിൽ വയലറ്റുനിറമുള്ള ഒരു ഞരമ്പ് വെല്ലുവിളിപ്പോലെ എഴുന്നു നിന്നു.' മുറിയിലേക്കുവന്ന പേരക്കുട്ടിയുടെ നവവധുവിനോട് 'കുട്ടി എഴുതുമോ' എന്നു മുഖവുരയൊന്നുമില്ലാതെ അവർ ചോദിച്ചു. ആദ്യമൊക്കെ പെൺകുട്ടിക്ക് അവരോട് ഈർഷ്യയാണ് തോന്നുന്നത്. വള്ളത്തോൾ വന്ന സമ്മേളനത്തിൽ കവിതയെഴുതി വായിച്ച ഒമ്പതു വയസ്സുകാരിയെ ഓർത്തെടുക്കുമ്പോൾ വള്ളത്തോളിനെ മുമ്പിൽ കാണുന്നതുപോലെ ഭയഭക്തിബഹുമാനങ്ങളോടെ അവർ കരം കൂപ്പി. സ്വാതന്ത്ര്യസമരത്തെക്കുറിച്ചൊക്കെ വൃദ്ധ സംസാരിക്കുന്നത് ആവേശ ത്തോടെയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ അവർക്ക് ആഗ്രഹമുായിരുന്നു. എന്നാൽ വിവാഹത്തോടെ അതിനുള്ള അവസരങ്ങൾ ഇല്ലാതായി. അടുക്കളയും വീടും മാത്രമായി അവരുടെ ലോകം. അതേ സമയം ഭർത്താവ് ജയിൽവാസമനുഭവിച്ചു. എം. പി.ആയി . ഉന്നതാധികാരസ്ഥാനത്തെത്തി. പുരുഷന്റെ ലോകം വിശാലമാണ്. ആഗ്രഹ ങ്ങൾക്കനുസരിച്ച് ജീവിക്കാൻ പുരുഷനു സാധിക്കുമ്പോൾ സ്ത്രീയുടെ ലോകം ഇടുങ്ങി യതും ഇരുളടഞ്ഞതുമായിത്തീരുന്നു. ഗൃഹജോലികളും ശിശുപരിചണവുമൊക്കെ സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമായി മാറുന്നു. സ്ത്രീയുടെ അദ്ധ്വാനവും അർപ്പണ മാനോഭാവവും ചൂഷണം ചെയ്യപ്പെടുന്നു. സ്ത്രീയുടെ ത്യാഗമാണ് പലപ്പോഴും പുരുഷന്റെ ഉയർച്ചയ്ക്കു കാരണം . സ്ത്രീകളുടെ ജീവിതവും ഊർജ്ജവും ഊറ്റിക്കുടിച്ച് പുഷ്ടിപ്പെടാനുള്ള കഴിവാണ് ആൺകോയ്മയുടെ ഏറ്റവും മുഖ്യമായ സവിശേഷത യെന്ന മേരി ദാലിയുടെ നിരീക്ഷണം ശ്രദ്ധേയമാണ്. പുരുഷൻമാരുടെ എല്ലാ അധികാര ങ്ങളുടെയും ശക്തിയുടെയും അസംസ്കൃതവിഭവം സ്ത്രീകളുടെ ശക്തിയും അധികാരവുമാണെന്ന് അവർ ചൂിക്കാട്ടുന്നു.സ്ത്രീകളുടെ നാശത്തിന്റെ ചെലവിൽ പുഷ്ടിപ്പെ ടാനുള്ള ആൺത്വരയെ ശവാസക്തി (ിലരൃീുവശഹശമ) എന്നാണ് ദാലി വിശേഷിപ്പിച്ചത്. ചത്തു ജീവിക്കുന്ന ഒരവസ്ഥയിലേക്കു തള്ളിവിടപ്പെട്ട സ്ത്രീയോടുള്ള പുരുഷന്റെ പ്രത്യേകമായ ആസക്തിയെന്നാണ് അതുകൊണ്ട് അവർ അർത്ഥമാക്കുന്നത്. (സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം, പു.166).

മുറിയുടെ മൂലയിലുള്ള ഷെൽഫിൽ തന്റെ ചോപ്പുചട്ടയുള്ള ബുക്കു തിരയുകയാണ് വൃദ്ധ. ആ കസേര അവിടെ സ്ഥിരമായി ഇട്ടിരിക്കുകയാണെന്നും അവർ അവിടെ സ്ഥിരമായി ഇരുന്നു പുസ്തകങ്ങൾ എടുക്കാറുണ്ടെന്നും പെൺകുട്ടിയ്ക്കു തോന്നി. ഷെൽഫിലിരിക്കുന്നത് വീട്ടിലെ കുട്ടികളുടെ പ ഴയ ബുക്കുകളാണെന്നും ബുക്കു തേടി നടക്കുന്ന വൃദ്ധയെ സമാധാനിപ്പിക്കാൻ മക്കൾ കു പിടിച്ച സൂത്രമാണതെന്നും വേലക്കാരി പത്മാക്ഷി പെൺകുട്ടിയോടു പറഞ്ഞു. ആരും കാണാതെ അവർ നോട്ടു ബുക്കിൽ കുറിച്ചിട്ട കഥകളിലുള്ളത് അവരുടെ ജീവിതവും സ്വപ്നങ്ങളുമാണ്. സ്വാതന്ത്ര്യ വാഞ്ഛയും എഴുതാനുള്ള ആഗ്രഹവും അടക്കിവെച്ച് പരമ്പരാഗതമൂല്യങ്ങളിൽ കുരുങ്ങിക്കിടന്ന ഒരു വീട്ടമ്മയുടെ ആത്മസംഘർഷങ്ങളുടെ ആവിഷ്ക്കാരമായിരുന്നു അവരുടെ കഥകൾ. എഴുത്തിന്റെ ലോകത്തേയ്ക്കു കടന്നുവന്ന സ്ത്രീകൾക്ക് കുടുംബ ത്തിനകത്തു നിലനില്ക്കുന്ന ആണധികാരത്തോടും സ്ത്രീസ്വത്വാവിഷ്ക്കാരങ്ങൾക്കെ തിരായ മൂല്യസങ്കല്പങ്ങളോടുമുള്ള ചെറുത്തുനില്പുയർത്തേി വന്നു. മാതൃത്വവും ഗാർഹികമായ ഉത്തരവാദിത്തങ്ങളും അവരെ അലട്ടിക്കൊണ്ടിരുന്നു. തന്റെ വിവിധതരം റോളുകളെക്കുറിച്ച് ലളിതാംബിക അന്തർജ്ജനം എഴുതി: ഗാർഹികവും സാമൂഹികവും സാഹിത്യപരവുമായ കർത്തവ്യങ്ങളെ ഒരേ സമയത്തു ചെയ്തു തീർക്കണമെന്ന് അവൾ വാശി പ ടിടിച്ചു. എല്ലാം അവളുടെ ജീവിതത്തിന്റെ ഭാഗങ്ങളായിരുന്നു. ഒന്നിനെയും നിരസിക്ക വയ്യ ഫലം എല്ലാം അപൂർണമായ നിലയിൽ നിൽക്കുക എന്നതായിരിക്കുമെന്നും അന്നവളോർത്തില്ല. ആ േ ാടാ് കുട്ടികളെ പ്രസവിക്കുകയും വളർത്തുകയും അതേ സമയത്ത് എഴുതുകയും വായിക്കുകയും

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവളിൽ ചെറുകുട്ടികളെ തൊട്ടിലിലിട്ടാട്ടിക്കൊണ്ട് താഴെ കുനിഞ്ഞിരുന്നെഴുതുന്ന അമ്മയെ ഞാൻ കാണുന്നു. കുട്ടിയെ മാറോടണച്ചുകൊണ്ട് പ്ലാറ്റ്ഫോറത്തിൽ പ്രസംഗിക്കുന്ന യുവതിയെ ഞാൻ കാണുന്നു (ആത്മകഥയ്ക്ക് ഒരാമുഖം, പു.23). ഒരേ സമയം വീട്ടമ്മയുടെയും എഴുത്തുകാരിയുടെയും റോളുകൾ സ്ത്രീയിലുാക്കുന്ന ശാരീരികവും മാനസികവും വൈകാരികവുമായ സമ്മർദ്ദങ്ങളുടെ വെളിപ്പെടുത്തലാണീ വാക്കുകളിലുള്ളത്. പ്രതിസന്ധികളെ അതിജീവിക്കാൻ കഴിഞ്ഞവർക്ക് സാഹിത്യമേഖ ലയിൽ സജീവമാകാൻ കഴിഞ്ഞു. പുരുഷ എഴുത്തുകാർക്ക് ഇത്തരം ഉത്തരവാദിത്ത ങ്ങളുടെ ഭാരമില്ല. പെൺകുട്ടിയുടെ മുന്നിൽ തന്റെ പഴയകാലം, സാഹിത്യപരിശ്രമങ്ങൾ എന്നിവ ഓരോന്നായി വൃദ്ധ ഓർത്തെടുക്കുന്നു.

ഭർത്താവും അമ്മയും അറിയാതെയാണവർ എഴുതിയിരുന്നത്. ''ഇവിടുത്തെ അമ്മയ്ക്ക് എഴുതണതും വായിക്കണതും കാൽ കലിയിളകും. അതുകൊണ്ട് തറവാട്ടിലേക്ക് എന്താ പ്രയോജനം' അമ്മ ചോയ്ക്കും.'' , ''ഇവിടുള്ളാളിന് പഴയ കടലാസ് കാണണതേ അരിശമായിരുന്നു. എല്ലാം അടുക്കി വെയ്ക്കണം'' മുറീല് ഒരിടത്തും പൊടിയും കടലാസും ഒന്നും കാണരുത്. എപ്പഴും അടിച്ചു വാരിയിടണം.'' ആദ്യത്തെ കഥ എഴുതിയത് ഭർത്താവ് ജയിലിലായിരുന്നപ്പോഴാണത്രെ. ഭർത്താവിനെ വായിച്ചു കേൾപ്പിക്കാനായി കഥ സൂക്ഷിച്ചു വെച്ചു. 'ഞാനൊരു കഥയെഴുതീട്ട് എന്നു പ റഞ്ഞപ്പോ..''അതു പറയുമ്പോൾ വൃദ്ധയുടെ മുഖം മങ്ങിയിരുന്നു. പൂരിപ്പിക്കാത്ത വാക്കുകളിലും മങ്ങിയ മുഖത്തും അവർക്കുായ ഇച്ഛാഭംഗം വായിച്ചെടുക്കാൻ പെൺകുട്ടിക്കു സാധിക്കുന്നു. സ്ത്രീയുടെ സർഗാത്മകത നേരിടുന്ന പ്രതിസന്ധികളെ ക്കുറിച്ചുള്ളതായിരുന്നു രണ്ടാമത്തെ കഥ. അത് സാഹിത്യകാരിയായ ഒരുവളെക്കുറിച്ചുള്ളതായിരുന്നു. കഥയ്ക്കു സമ്മാനം കിട്ടിയപ്പോൾ ആളുകൾ സാഹിത്യകാരിയെ തേടിയെത്തുന്നു. അവളുടെ ഭർത്താവ് പറയുന്നു. 'ഓ, അതു ഞാനെഴുതിയതു തന്നെയാണ്.' സമാനമായ ആശയമാണ് എം. സരസ്വതീബായിയുടെ 'തലച്ചോറില്ലാത്ത സ്ത്രീകൾ' (1911) എന്ന കഥയിലുള്ളത്. ഭർത്താവായ ഗോവിന്ദൻനായർക്ക് എഴുതാനുള്ള ബൗദ്ധിക ഭൗതിക പരിസരങ്ങൾ ഒരുക്കിക്കൊടുക്കുന്ന കല്യാണിയമ്മ ഗൃഹജോലികളെല്ലാം തീർത്തശേഷം കഥകളെഴുതുന്നു. അതും ബാലകൃഷ്ണൻ നായരെന്ന അപരനാമത്തിൽ. ഭർത്താവിന്റെ കഥകളേക്കാൾ സഹൃദയാംഗീകാരം കല്യാണിയമ്മയുടെ കഥകൾക്കു ലഭിക്കുന്നു. ബാലകൃഷ്ണൻ നായർ എന്ന പേരിൽ മറഞ്ഞിരിക്കുന്നത് താനാണെന്ന് കല്യാണിയമ്മയ്ക്കു വെളിപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിൽ ക്ഷുഭിതനായ ഭർത്താവ് വീടുവിട്ടു പോകാനൊരുങ്ങുന്നു. കല്യാണിയമ്മ ഭർത്താവിനോടു മാപ്പു പറയുന്നു. അയാൾ യാത്ര മാറ്റിവെയ്ക്കുകയും സ്ത്രീകൾക്ക് സാഹിത്യവിഷയങ്ങൾ മനസ്സിലാക്കാനുള്ള തലച്ചോറില്ലെന്ന് ഇനി പറയില്ലെന്ന് മാനസാന്തരപ്പെടുകയും ചെയ്യുന്നു. ഈ കഥയിൽ സ്ത്രീയ്ക്ക് എഴുതാൻ പുരുഷനായി ആൾമാറാട്ടം നടത്തേി വരുന്നു. പ്രശസ്തയായപ്പോഴോ അത് ഭർത്താവ് ഏറ്റെടുക്കുകയും ചെയ്യുന്നു. എഴുത്തുകാരികൾ നേരിടുന്ന ക്ലേശങ്ങൾ, സംഘർഷങ്ങൾ എന്നിവയൊക്കെ അവതരിപ്പിച്ചുവെന്നതാണ് ഈ കഥയുടെ സവിശേഷത. സ്ത്രീ എപ്പോഴും തന്നേക്കാൾ ഒരു പടി താഴെ നിൽക്കുന്നതാണ് നല്ലതെന്നു ചിന്തിക്കുന്ന പുരുഷമനോഭാവം സ്ത്രീസർഗാത്മകതയ്ക്ക് വിലക്കു കല്പിയ്ക്കുന്നു.

ഗുളിക കഴിച്ച് മയക്കത്തിലേക്കു വീണുകൊണ്ടിരുന്ന വൃദ്ധ മൂന്നാമത്തെ കഥയെ ക്കുറിച്ചു പറഞ്ഞു. 'ദുർമരണം' അതായിരുന്നു കഥയുടെ പേര്. കഴുത്തിലെ വയലറ്റു നിറമുള്ള ഞരമ്പിൽ തൊട്ടുകൊണ്ട് അവർ പറഞ്ഞു. ''കുരുക്കിടുമ്പോൾ കഴുത്തിൽ ദാ, ഈ ഞരമ്പിൽ വീഴണം'', ''ഞരമ്പു തെറ്റരുത് '', ''തെറ്റിയാൽ ഓർമ്മ പോകും.'' അതു പറയുമ്പോൾ വൃദ്ധയുടെ മുഖത്ത് ഒരു ക്രൂരമായ ചിരിയു ണ്ടായിരുന്നു. സഫലമാകാതെ പോയ ആഗ്രഹങ്ങളും സ്വപ്നങ്ങളുമായിരുന്നു വൃദ്ധയുടെ ആദ്യ രു കഥകളുടെയും പ്രമേയമെങ്കിൽ അവരുടെ വിഷാദനൈരാശ്യങ്ങളും പ്രതിഷേധവുമാണ് മൂന്നാമത്തെ കഥയിലുള്ളത്. എണ്ണമറ്റ ഗാർഹികജോലികളും ഭാരിച്ച ഉത്തരവാദിത്തങ്ങളും കുടുംബത്തിന

ISSN-2455-0736 (Print)
ISSN-2456-4052 (Online)

കത്തു നിലനില്ക്കുന്ന ലിംഗപരമായ തൊഴിൽ വിവേചനവും ലിംഗവിധേയത്വവും അവരുടെ പൊതുജീവിതത്തിനും എഴുത്തിനും തടസ്സമാകുന്നു. നിർഭാഗ്യവശാൽ പല സ്ത്രീകളും അവര നുഭവിക്കുന്ന അടിമത്താവസ്ഥ തിരിച്ചറിയുന്നില്ല. ഓരോ സ്ത്രീയ്ക്കും എഴുത്ത് ആത്മാവിഷ്ക്കാരമാണ്. വിവാഹത്തോടെ വ്യക്തിത്വം നഷ്ടപ്പെട്ട് ഭാര്യ, അമ്മ എന്നീ നിലകളിലേക്കൊതുങ്ങിപ്പോകുന്ന അനേകം സ്ത്രീകളിലൊരാളാണ് കഥയിലെ വൃദ്ധ. പ്രതിഷേധത്തിന്റെ നനുത്ത സ്വരംപോലു മുയർത്താനാകാതെ നിശ്ശബ്ദരാകുന്നവരാണ് കൂടുതലും.

വൃദ്ധയുടെ ചെറിയ ചെറിയ ആഗ്രഹങ്ങൾപോലും പരിഗണിക്കപ്പെടുന്നില്ല. ''രാമൻകുട്ടിക്ക് പേരിട്ടത് ഇവിടുത്തെയാളാ.. അന്ന് രവീന്ദ്രനാഥ് എന്ന പേരായിരുന്നു എനിക്കിഷ്ടം. പിന്നെ ഞാനോർത്തു, ഇവിടുത്തെയാളുടെ ഇഷ്ടം പോലാവട്ടെ. എന്തിനാ വെറുതേ ഒരു കലശൽ ? രവീന്ദ്രനാഥ് എന്നു വിളിച്ചാലും രാമൻകുട്ടീന്ന് വിളിച്ചാലും മോൻ എന്റെ മോനല്ലേ. അതോ് ശ്രീക്കുട്ടിക്ക് ഞാൻ പേരൊന്നും വിചാരിച്ചില്ല.'' ഓർത്തുവെച്ചാലും അതൊന്നും നടക്കില്ലെന്ന് അവർക്കറിയാമായിരുന്നു. ഭർത്താവ് എം. പി. ആയിരിക്കുമ്പോൾ ഡൽഹി കാണണമെന്ന് അവർക്കാഗ്രഹമുായിരുന്നു. എല്ലാവരും പോയിട്ടും അവരെ കൊുപോയില്ല. പശുക്കളെ നോക്കാനും അച്ഛന്റെ അസ്ഥി ത്തറയിൽ വിളക്കു വെയ്ക്കാനുമായി അവരെ വീട്ടിലാക്കിയത്രെ.

ആദ്യമൊക്കെ പെൺകുട്ടിക്ക് വൃദ്ധയോടു തോന്നുന്നത് ഒരു തരം ഈർഷ്യയാണ്. സ്വാതന്ത്ര്യം എന്ന വാക്കുച്ചരിച്ചപ്പോൾ അവരുടെ വയ്പു പല്ലുസെറ്റ് ദയനീയതയോടെ പുറത്തേയ്ക്കുന്തി വന്ന കാഴ്ച പെൺകുട്ടിയിൽ അറപ്പുളവാക്കി. സൗരഭ്യം എന്നവാക്കുച്ചരിച്ചപ്പോഴും പല്ലുസെറ്റ് പുറത്തേക്കുന്തി. കഥ എന്ന പദം ഉച്ചരിച്ചപ്പോഴും വൃദ്ധയുടെ പല്ലു സെറ്റുകൾ ബീഭത്സമായി ഇളകി. പെൺകുട്ടി അസഹ്യതയോടെ ജനാലയ്ക്കരികിലേക്കു ചെന്നു. സ്വാതന്ത്ര്യവും സൗരഭ്യവും കഥയും നഷ്ടപ്പെട്ട വൃദ്ധയുടെ ജീവിതം താനുൾപ്പെടുന്ന സ്ത്രീസമൂഹത്തിന്റെ കഥയാണെന്ന ബോധ്യത്തിലേക്കു വരുമ്പോൾ പെൺകുട്ടിയ്ക്ക് വൃദ്ധയോടു തോന്നുന്ന ഈർഷ്യ പതിയെ മാറി വരുന്നു. പലതരം മണങ്ങൾ നിറഞ്ഞ മുറി അവൾ ഇഷ്ടപ്പെട്ടു തുടങ്ങിയിരുന്നു. 'വീട്ടിലെ ഏറ്റവും വായു സഞ്ചാരമുള്ള മുറി' അതാണെന്ന് വിചാരിക്കുന്നു. പിന്നീട് അവൾ വൃദ്ധയുടെ കഥകൾക്കു കാതോർക്കുന്നത് ആകാംക്ഷയോടെയാണ്. ദുർമരണം എന്ന കഥ പാതിയിൽ മുറിഞ്ഞു പോയത് പെൺകുട്ടിയെ അസ്വസ്ഥയാക്കുന്നു. ഒരു ഘട്ടത്തിൽ വൃദ്ധയിൽ തന്നെത്തന്നെ കാണാൻ അവൾക്കു സാധിക്കുന്നു. 'സ്വാതന്ത്ര്യം എന്ന പദം വന്നപ്പോൾ പെൺകുട്ടി ചുുകൾ പൂട്ടി രഹസ്യമായി സ്വന്തം പല്ലുകൾ നാവുകൊണ്ടു തടവി. എങ്ങാനും ഇളകുന്നുണ്ടോ?' പെണ്ണിന്റെ പരിമിതികളെക്കുറിച്ചും അസ്വാതന്ത്ര്യത്തെക്കുറിച്ചും അവൾ അറിഞ്ഞു തുടങ്ങുന്നു. പെൺകുട്ടിയുടെ ദാമ്പത്യജീവിതത്തെക്കുറിച്ചുള്ള ചില സൂചനകൾ കഥയിൽ കാണാം. 'രാവിലെ സീമന്തരേഖയിലിട്ട സിന്ദൂരം വിയർപ്പിൽ കുതിർന്ന് വിരലിലൊട്ടി. ഒരു തുള്ളി രക്തംപോലെ അതു വിരൽത്തുമ്പിൽ ഒരു നിമിഷം തങ്ങി. പിന്നെ മെല്ലെ താഴേക്കു വീണു മരിച്ചു.' ഭർത്താവ് മുറിയിലേക്കു വരുമ്പോൾ പെൺകുട്ടി കണ്ണാടിക്കു മുന്നിൽനിന്നു കഴുത്തിലെ ഞരമ്പു തേടുകയായിരുന്നു. 'എന്താ നോക്കുന്നത്?' അർഹിക്കു് ആദരം കിട്ടാത്ത യജമാനന്റെ ഈർഷ്യയോടെ അയാൾ ചോദിച്ചു. 'ഒരു ഞരമ്പ്'അവൾ വേവലാതിയോടെ പറഞ്ഞു. 'യജമാനനിൽ അധീശത്വമനോഭവവും പെൺകുട്ടിയുടെ അങ്കലാപ്പിൽആണെന്ന അധികാരരൂപത്തോടുള്ള വിധേയത്വവുമാണുള്ളത്.

വൃദ്ധയുടെയുള്ളിൽ നടക്കുന്ന കലാപം ആണധികാരത്തോടുള്ള കലാപമാണ്. 'പുരുഷാധികാര പെരുമാറ്റച്ചട്ടങ്ങളെ തകർത്തുകൊും സമൂഹത്തിലും കുടുംബത്തിലും വ്യവഹാരങ്ങൾ മുഴുവൻ കയ്യാളുന്ന പുരുഷന്റെ പൊതുമണ്ഡലത്തിലേക്കു തുല്യമായ പങ്കാളിത്തത്തോടെ സ്ത്രീകൾ മുന്നോട്ടു വരുമ്പോഴുമാണ് ഭാഷയിലും സാഹിത്യത്തിലും കലയിലും ബുദ്ധിപരമായ മറ്റു സർഗ്ഗാത്മക തൊഴിൽമേഖകളിലുമൊക്കെ സ്ത്രീകൾക്കനുകൂലമായ സംസ്കാരികമാതൃകകൾ സൃഷ്ടിക്കപ്പെടുക

ISSN-2455-0736 (Print)
ISSN-2456-4052 (Online)

(സി.എസ്. ചന്ദ്രിക, കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ, പു.265). സ്ത്രീയ്ക്കും പുരുഷനും തുല്യതയുള്ള ഒരു പുതുലോകത്തിലേക്കെത്തിച്ചേരാൻ ഇനിയും ഏറെ ദൂരം നാം സഞ്ചരിക്കേതുണ്ട്. സ്ത്രീയ്ക്ക് അപരവ്യക്തിത്വത്തിൽനിന്നു പുറത്തേക്കു വരാനും സ്വത്വസ്ഥാപനം നടത്താനുമുള്ള സാമൂഹികസാംസ്കാരികാന്തരീക്ഷം സൃഷ്ടിക്കപ്പെടേതു്. 'ഒരു എഴുത്തുകാരിയുടെ മനസ്സിൽ അനുഭവപ്പെടുന്ന ഏറ്റവും ശക്തമായ സംഘർഷം കുടുംബിനിയും കലാകാരിയും തമ്മിലുള്ളതാണ്' എന്ന് ഡെബറേ പോപ്പ് ചൂിക്കാണിച്ചിട്ടു (സുജ സൂസൻ ജോർജ്, പെണ്ണെഴുത്തിന്റെ പ്രത്യയശാസ്ത്രം, പെണ്ണെഴുത്ത്,പു 344) .

കാലമെത്ര മാറിയാലും പെണ്ണവസ്ഥകൾക്കു മാറ്റമുാകുന്നില്ല. അവൾ വെറും പെണ്ണുതന്നെയാണ്. അസ്വാതന്ത്ര്യത്തിന്റെ തുടർച്ചയാണ് ഓരോ പെണ്ണിന്റെയും ജീവിതം. കുടുംബത്തിനകത്തെ ഉത്തരവാദിത്തങ്ങളിൽ പുരുഷനുകൂടി തുല്യപങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ സ്ത്രീകളുടെ നില മെച്ചപ്പെടുത്താനാകും. അത്തരമൊരു കുടുംബാന്തരീക്ഷം സൃഷ്ടിക്കപ്പെടുമ്പോൾ മാത്രമേ സ്ത്രീക്കു പുരുഷനെപ്പോലെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയുള്ളൂ.

## REFERENCES

1. കെ. ആർ. മീര, കഥകൾ, ഡി.സി. ബുക്സ്, 2016.
2. ഡോ.എം. ലീലാവതി, ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം, പ്രഭാതം തിരുവനന്തപുരം, 2000
3. സാവിത്രി രാജീവൻ, ചരിവ്, 1993.
4. ഡോ.ടി. കെ.ആനന്ദി, വീട്ടമ്മ ഒരു സ്ത്രീവിചാരം, ചിന്ത പബ്ലിക്കേഷൻസ്,2013.
5. എ.കെ.രാമകൃഷ്ണൻ, കെ.എം. വേണുഗോപാലൻ, സ്ത്രീ വിമോചനം ചരിത്രം സിദ്ധാന്തം സമീപനം, പ്രസക്തി ബുക്ക് ഹൗസ്, 2016.
6. ലളിതാംബിക അന്തർജ്ജനം, ആത്മകഥയ്ക്ക് ഒരാമുഖം. ഡി.സി.ബുക്സ്, 2019.
7. സി.എസ്. ചന്ദ്രിക, കേരളത്തിന്റെ സ്ത്രീ ചരിത്രങ്ങൾ സ്ത്രീ മുന്നേറ്റങ്ങൾ, ഡി.സി. ബുക്സ്, 2017.
8. എൻ. ജയകൃഷ്ണൻ(എഡി.) പെണ്ണെഴുത്ത്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017